**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4973 — 22-5-2017- ന് മറുപടിക്ക്

## കായിക അധ്യാപകരുടെ ശമ്പളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| പി.എസ്.സി. വഴി ഹൈസ്കൂൾ അധ്യാപകനായി നിയമനം ലഭിക്കുന്ന കായിക അധ്യാപകന് യു.പി. സ്കൂൾ അധ്യാപകരുടെ ശമ്പളം മാത്രമാണ് നൽകുന്നതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം എന്താണ്; ഇത് പരിഹരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എസ്.സി വഴി കായികാധ്യാപകരെ യു.പി സ്കൂളിലും ഹൈസ്കൂളിലും നിയമിക്കുന്നുണ്ട്. ഹൈസ്കൂളിലായാലും യു.പി സ്കൂളിലായാലും കായികാധ്യാപകനായിട്ടാണ് നിയമനം ലഭിക്കുന്നത്. കായികാധ്യാപകരും, സംഗീതം, ചിത്രകല, ക്രാഫ്റ്റ് അധ്യാപകരും സ്പെഷ്യലിസ്റ്റ് അധ്യാപകർ എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവർക്ക് ആദ്യകാല ശമ്പള പരിഷ്കരണ റിപ്പോർട്ട് മുതൽ ഒരേ ശമ്പള സ്കെയിലാണ് അനുവദിച്ചിട്ടുള്ളത്. ഹൈസ്കൂൾ വിഭാഗത്തിലും യു.പി വിഭാഗത്തിലും ഇവർ ഒരേ ജോലിയാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ യു.പി/ഹൈസ്കൂൾ വിഭാഗങ്ങളിൽ ജോലിചെയ്യുന്ന ഇവർക്ക് വ്യത്യസ്ത ശമ്പള സ്കെയിലുകൾ അനുവദിക്കാനാവില്ല. |

(signature)

സെക്ഷൻ ഓഫീസർ